# ജി.എച്ച്.എസ്.എസ്  പാക്കം

## ഡിജിറ്റിൽ  മാഗസീന്

### ക്രിയേഷൻസ്



# ആശംസ

ജി.എച്ച്.എസ്.എസ് പാക്കം സ്ക്കൂളിലെ ' Little Kites ' ന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ 'Creations' ന് എല്ലാവിധ ആശംസകളും നേരുന്നു. അതിന് പിന്നിൽ പ്രവർത്തിച്ച
ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ

വിനോദ് പുതിയവീട്ടിൽ
ഹെഡ്മാസ്റ്റർ
G.H.S.S Pakkam

## ഉള്ളടക്കം


- കവിത – ആൾമറകൾ തകർത്തെറിയുമ്പോൾ
- ലേഖനം - യൗവ്വനം - കാഴ്ചയുടെ ലോകം
- വര - മധുരം നുണയും കുട്ടിക്കാലം
- കഥ - നിർബാധപതനം
- കവിത – പുഴയൊഴുകും വഴി
- എഡിറ്റോറിയൽ - പ്രളയം
- വര - നവമുകുളങ്ങൾ
- ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പേര്

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

ഹർഷ ( 9 A)

**അസോസിയേറ്റ് എഡിറ്റർ**

അർജുൻ കൃഷ്ണ

**സ്റ്റാഫ് അഡ്വൈസർമാർ**

ശ്രീ: ബിജു.കെ (കൈറ്റ് മാസ്റ്റർ)

ശ്രീമതി:സുനിത .കെ.വി (കൈറ്റ് മിസ്ട്രസ്സ്)

**സഹായം**

1.നന്ദന.ആർ

2.അനഘ.ടി

3.ആദിത്യ ചന്ദ്രൻ

4.നിജിൻ പവിത്ര

5.ദേവിക.കെ

# കവിത

## _ആൾമറകൾ      തകർത്തെറിയപ്പെടുന്നു.....

ആഴങ്ങൾ   അനന്തത   മാത്രമല്ല.....

ഇരുട്ട്   തിളക്കമറ്റതുമല്ല......
ശൂന്യതയിൽ  എന്തിനെയോ  ഒരു  നിറവ്
അതിനാൽ

പിൻവിളിക്കു   മുതിരില്ല  ഞാൻ.....
വൃത്താകാരത്തിൽ  നെഞ്ചുപിളർന്ന   ആകാശമായ്
കയർത്തുമ്പിലെ  അസ്വാതന്ത്ര്യമായ്

കപ്പിക്കരച്ചിലിന്  എണ്ണ   പുരണ്ട സാന്ത്വനമായ്,

നിന്നെയറിഞ്ഞവനാണു  ഞാൻ.....
എച്ചിൽ  പാത്രങ്ങളുടെ  കലമ്പലുകളായ്
മറച്ചു   പിടിച്ച  തേങ്ങലുകളായ്

നിന്നെ  ശ്രമിച്ചവനാണു   ഞാൻ.....
പായൽ  നീലങ്ങളിൽ  തെന്നി  വീഴുന്ന  നിസ്സഹായതയായ്
വക്കുകളിൽ  മുട്ടിമുഴച്ച   ചോരപ്പാടുകളായ്

തഴുകാതെ  തഴുകുന്ന  കരിയിലകളായ്.......
മാത്രം  നിന്നെ  സ്പർശിച്ചവനാണു  ഞാൻ

അതുകൊണ്ടാകണം,

തിരിച്ചറിയാൻ  വൈകിപ്പോയിരിക്കുന്നു......

ഉമ്മറത്ത്,   കിടപ്പറയിൽ

പൊട്ടിച്ചിരികളും   നീലാകാശം  മാത്രം.
കാറ്റും  കോളും  പേമാരിയും  നീയെനിക്കു   പകർന്നുതന്നു

അതിലൂടെ  ഞാൻ  കടലു  കണ്ടു......

കടലിനെ തൊട്ടറിഞ്ഞു.

നന്ദന.കെ

**9  A**

# ലേഖനം

## യൗവ്വനം - കാഴ്ചയുടെ ലോകം

കാഴ്ച അനുഭവങ്ങളുടെയും അറിവുകളുടെയും കിളിവാതിലാണ്. പിറന്നു വീഴുന്ന ഓരോ മനുഷ്യജീവനും തന്റെ ലോകത്തെ ആദ്യമായി വായിച്ചറിയുന്നത് പഞ്ചേന്ദ്രിയങ്ങളിൽ വച്ച് ഏറ്റവും ക്ഷമതയേറിയത് എന്ന് വിശേഷിപ്പിക്കാവുന്ന നേത്രങ്ങളിലൂടെയാണ്. നാം കണ്ട നന്മകളും തിന്മകളും മനസിന്റെ ഇടനാഴികളിൽ വച്ച് കീറിമുറിക്കപ്പെട്ട് കൃത്യമായ അപഗ്രഥനത്തിലൂടെ തള്ളേണ്ടതേതെന്നും കൊള്ളേണ്ടതേതെന്നുംതിരിച്ചറിയുമ്പോഴാണ് ഓരോരുത്തരിലും സ്വന്തം വ്യക്തിത്വവും അസ്തിത്വംലുംവികസിക്കുന്നത്. പുറം കാഴ്ചകൾക്കപ്പുറം ഉള്ളറകളിലേക്ക്, ശരീരത്തിനപ്പുറം ആത്മാവിലേക്ക് പറന്നുയരാൻ നമുക്ക് കഴിയണം. അതിന് ബാഹ്യദർശനങ്ങളിൽ തൃപ്തി പൂകുന്ന ഒരു മനസല്ല വേണ്ടത് മറിച്ച്, നമുക്ക് ചുറ്റുമുള്ള പ്രകൃതിയെ, സഹജീവികളെ തൊട്ടറിയാൻ പ്രകാശപൂരിതമായ ഒരു ഹൃദയം ഉണ്ടായിരിക്കണം.

കാഴ്ചകൾ പല വിധത്തിലുണ്ട്. മാനസത്തെ ആനന്ദഭരിതമാക്കാനും അതുപോലെ ദുഃഖത്തിന്റെ കയങ്ങളിൽ തള്ളിയിടാനും ചില ദൃശ്യങ്ങൾക്ക് സാധിച്ചേക്കും. ആധുനിക സമൂഹത്തിൽ നാം കാണുന്നതിനപ്പുറം കാണാതെ, അറിയാതെ പോകുന്ന ഒട്ടേറെ സത്യങ്ങളുണ്ട്. അവിടെയാണ് ഹൃദയത്തിന്റെ തുടിപ്പുകൾക്ക് പ്രാധാന്യമേറുന്നത്. നമ്മളിൽ നിന്നും എന്ന രീതിയിൽ ദിനംപ്രതി ചുരുങ്ങിക്കൊണ്ടിരിക്കുകയാണ് പുതുതലമുറയുടെ ജീവിത പരിസരങ്ങളിൽ.

കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംബങ്ങളിലേക്ക് ചുവടു മാറ്റിയപ്പോൾ പൊട്ടിപ്പോയത് ബന്ധങ്ങളുടെ സ്വർണ്ണനൂലുകളായിരുന്നു. സ്വന്തം അയൽക്കാരൻ ആരെന്നറിയാതെ, തന്റെ ചുറ്റുപാടിനെയറിയാതെ സ്വയം നിർമ്മിച്ച അദൃശ്യമായ തടവറകളിൽ ഇന്ന് നാം ജീവിതത്തെ ബന്ധനത്തിലാക്കുന്നു. എത്രയോ, കൗമാരയൗവ്വനങ്ങൾ ഇങ്ങനെ ആരുമറിയാതെ ...... സ്വയമറിയാതെ..... കർമ്മവേദിയിൽ നിന്ന് പിന്തിരിഞ്ഞിട്ടുണ്ട്. യുവത്വം ഊർജത്തിന്റെ കാലഘട്ടമാണ്. ദേഹത്തിലും ചിത്തത്തിലും ആത്മാവിലും കഴിവുകൾ അതിന്റെ പൂർണ്ണതയെ പ്രാപിക്കുന്ന കാലം. വിദ്യാഭ്യാസത്തിലൂടെ ഓരോരുത്തരിലും കൊളുത്തി വച്ച അറിവിന്റെ , അനുകമ്പയുടെ ദീപശിഖകൾക്ക് കത്തിപ്പടരാൻ നാം അവസരം നല്കണം. കരയുന്നവന്റെ കണ്ണീരൊപ്പാൻ, വിശക്കുന്നവന് ഭക്ഷണം നല്കാൻ, തണുക്കുന്നവന്റെ പുതപ്പായി മാറാൻ, തിന്മയുടെ ഇരുളിൽ നന്മയുടെ കൈത്തിരിയുമായിവെളിച്ചം പരത്താൻ, വേദനിക്കുന്നവന് മരുന്നാകാൻ നമുക്ക് സാധിക്കണം. നയനങ്ങൾ കേവലം അവയവങ്ങൾ മാത്രമാകുന്ന ഈ യുഗത്തിൽ നിർത്താത്ത മിടിപ്പുകളിലൂടെ ഹൃദയം നമ്മൾ ഓരോരുത്തരോടും പറയുന്നത് മേൽപ്പറഞ്ഞ മഹത്തായ ദർശനങ്ങൾ തന്നെയാണ്.

ഹൃദയത്തിന്റെ സ്പന്ദനങ്ങളിൽ ശ്രദ്ധചെലുത്തി നന്മയും സ്നേഹവും നിറഞ്ഞ, പ്രതികരണശേഷിയുള്ള മനസ്സിലൂടെ.... സഹായഹസ്തങ്ങളിലൂടെ, സമൂഹത്തിന് ആശ്രയമാകാൻ പുതിയൊരു ലോകം തീർക്കാൻ നമ്മൾ ഓരോരുത്തരും സ്വാർത്ഥത വെടിഞ്ഞ് കർമ്മനിരതരാകേണ്ടിയിരിക്കുന്നു. ഭാവിയുടെ ഇനി നമ്മുടെ കൈകളിലാണ്. സത്യത്തിന്റെ പാതകളെ ളുട്ടുപിടിച്ച ഒരു മിന്നാമിനുങ്ങായി തിന്മയുടെ ഇരുളിൽ ഒരു കോടി സൂര്യകിരണങ്ങൾ പതിപ്പിക്കുന്ന നല്ലൊരു നാളേക്കായി ആത്മാർത്ഥമായി ശ്രമിക്കാം.

ജി.എച്ച്.എസ്.എസ് പാക്കം

## മധുരം നുണയും കുട്ടിക്കാലം .....



# കയറ്റം ഇറക്കം

## നിർബാധപതനം

സൂര്യന്റെ ആദ്യകിരണങ്ങൾ ജനലഴികളിലൂടെ ഊർന്നിറങ്ങി. റോഡിലൂടെ നഗരങ്ങൾ ചീറിപ്പായുന്നു. ഗൗരി തന്റെ പുതപ്പ് ഒന്നുകൂടി വലിച്ചു പുതച്ചു.

“ഗൗരീ വെയ്ക്ക് അപ്പ് മോളൂ" ജാനകി പാതി ഉറക്കത്തോടെ പറഞ്ഞു. “ഓ മോം,..ഫൈവ് മിനുട്ട്സ് കൂടി". “ഒരുപാട് ലേറ്റായി.സ്കൂൾ ബസ് ഇപ്പൊ എത്തും" ജാനകി തന്റെ ശ്രദ്ധ അടുക്കളയിലേക്ക് തിരിച്ചു. “ശക്തിയേട്ടാ..ഇന്ന് ജോഗിങിന് പോയില്ലേ ?” "നോ. ഐ ആം നോട്ട് വെൽ" “ എന്തുപറ്റി?” "നീ നിന്റെ ജോലി ചെയ്യ്. ഓ സമയം 8 മണിയാവാറായി. നീ ബ്രേക്ക് ഫാസ്റ്റ് എടുക്ക്.”

"മോളൂ കം ഓൺ" ജാനകിയുടെ അവസാന വിളി മുഴങ്ങി. "റെഡിയായോ?" "യെസ് മോം. പപ്പാ,ഇന്ന് പപ്പ സ്കൂളിലേക്ക് കൊണ്ടുവിടോ?"നോ മോളൂ പപ്പയ്ക്ക് സമയില്ല.”

"അല്ലെങ്കിലും പപ്പയ്ക്ക് എന്നോടിപ്പൊ സ്നേഹം ഒട്ടൂല്ല. എനിക്ക് നിങ്ങളുടെ ബ്രേക്ക് ഫാസ്റ്റ് വേണ്ട. ഞാൻ പോണു.”

സമയചക്രം മുന്നോട്ട് കറങ്ങിക്കൊണ്ടിരുന്നു. ജാനകിയുടെ ജീവിതത്തിലെ ഇരുണ്ട ദിവസമായിരുന്നു അത്.

“ നിങ്ങളെന്താ പറഞ്ഞു വരുന്നത്? ഈ ഫ്ലാറ്റ് ഒഴിയണംന്നോ. എന്താ പറ്റിയത്. ലക്ഷങ്ങൾ കൊടുത്തു വാങ്ങിയതല്ലേ? എന്നിട്ടിപ്പോ.”

“നീ മനസ്സിലാക്ക് ജാനകി എന്റെ ബിസ്സിനസ് ആകെ കുഴപ്പത്തിലാ. ഉള്ളതൊക്കെ വിറ്റിട്ടാ ഞാനൊന്ന് സോൾവ് ചെയ്തത്. ഈ ഫ്ലാറ്റും ഞാൻ..”

“ നിങ്ങൾ നമ്മുടെ മോളെക്കുറിച്ചാലോചിച്ചോ? ഞാൻ വീട്ടീന്ന് ഇറങ്ങിയത്. എല്ലാം നശിച്ചു. എന്റെ അഭിമാനം, എന്റെ സമ്പത്ത്. എല്ലാം, എല്ലാം.”

“ നീ മോളെ എങ്ങനെയെങ്കിലും പറഞ്ഞ് മനസ്സിലാക്ക്. നമുക്ക് നിന്റെ വിഹിതത്തിൽ കിട്ടിയ ആ പഴയ വീട്ടിലേക്ക് മാറാം."

“എന്ത്? അവിടെ ആ കുഗ്രാമത്തിലോ?”

“പിന്നെ നീ എവിടെയാ വളർന്നത്? "

“പപ്പാ,മോം എന്താ ഒരു തർക്കം?”

“പപ്പ പറയുന്നതു കേട്ടോ ഗൗരീ, നമ്മൾ വീട് വിട്ട് മാറാൻ പോവുകയാ. ഞാൻ പറയാറുള്ള നീലഗിരിയിലേക്ക്.”

“എന്താ പപ്പാ? ഞാൻ വരില്ല, ആ ഡേർട്ടി പ്ലേസിലേക്ക്."

“വന്നേ പറ്റൂ"

ആ കുടുംബതർക്കങ്ങൾക്കിടയിൽ ഡോറിൽ നിന്ന് ഒരു ശബ്ദം.

“ സർ ഓപ്പൺ ദ് ഡോർ! ഇറ്റ്സ് മി. ശിവൻ ത്രിവേണി.”

“കം,കം. ഞങ്ങളിറങ്ങുന്നു.”

ശക്തിയുടെയും ജാനകിയുടെയും സാധാരണ ജീവിതം അവരറിയാതെ ആറ് മാസം കടന്നു പോയി.
“മോം, ഇവിടുത്തെ ഗവൺമെന്റ് സ്കൂൾ സഹിക്കുന്നത് മാസങ്ങളായി. ഇനിയെപ്പോഴാ ഒരു ചേൻച്?”

“ഇനി ഒരു ചേഞ്ചും ഇല്ല. നിന്റെ ബിസ്സിനസ് ചെയ്ത് കൊണ്ടിരുന്ന പപ്പ ഇപ്പൊ പെയിന്റിംഗ് ചെയ്തല്ലേ ജീവിക്കുന്നത്. ഒന്നു നിർത്ത്. പോയി പഠിക്ക്.”

“പപ്പ വന്നല്ലോ.”

“ഇന്ന് ഇവളുടെ സ്കൂളിൽ പോയിട്ട് ടീച്ചർ എന്താ പറഞ്ഞത് ശക്തിയേട്ടാ?”

“പഠിക്കാൻ മിടുക്കിയൊക്കെ തന്നെയാ. പക്ഷെ അല്പം ശാഠ്യം കൂടുതലാ.”

“പപ്പ എനിക്ക് പുതിയൊരു ജീൻസും ടോപ്പും വാങ്ങി തരണം.”

“കഴിഞ്ഞ മാസം നിനക്കൊരു പാവാടയും കുപ്പായവും വാങ്ങിത്തന്നത് തന്നെ എത്ര കഷ്ടപ്പെട്ടിട്ടാ"

“പിന്നെ ഒന്നു കേട്ടോ പപ്പാ എനിക്ക് വാങ്ങി തന്നില്ലെങ്കിൽ റൂമിൽ ഒരു ചരടിൽ എന്റെ ശരീരം തൂങ്ങും.”

“അങ്ങനെയൊന്നും പറയല്ലേ മോളെ. പപ്പ എങ്ങനെയെങ്കിലും വാങ്ങിച്ചു തരാം."

“ഡീ ചരട് ഞാൻ വാങ്ങിത്തരാം. നീ പോയി തൂങ്ങ്. മകൾക്കൊത്ത അച്ഛൻ. പിന്നെങ്ങനെയാ.”

“ കടം വാങ്ങിച്ച് മടുത്തു. നിന്റെ ഈ ആഗ്രഹം എങ്ങനെയെങ്കിലും സാധിച്ചുതരാം.”

പിറ്റേന്നാൾ ഗൗരി സന്തോഷത്തോടെ പപ്പയെ കാത്തുനിന്നു.

“പപ്പ നോക്കട്ടെ ആ കവർ.”നന്നായിട്ടുണ്ട്."

ദിവസങ്ങൾ പിന്നെയും മുന്നോട്ടു നീങ്ങി. പുതിയൊരു ആവശ്യവുമായി ഗൗരി വീണ്ടും പപ്പയുടെ മുന്നിലെത്തി.

“പപ്പ ഒരു ജിമിക്കി കമ്മൽ. ഇതാ ഇപ്പോഴത്തെ ട്രെന്റ്. എന്റെ ക്ലാസിലെ അനികയ്ക്കും ഭവ്യയ്ക്കും എല്ലാർക്കുംണ്ട്.”

“ അതിനൊക്കെ ഒരുപാട് കാശാകും മോളെ.”

“പപ്പ ഞാനന്ന് പറഞ്ഞത് മറക്കണ്ട. ഞാൻ തൂങ്ങും ഉറപ്പ്.”

അതിനിടയിൽ ജാനകി കയറിവന്നു.

“അതുതന്നെ ഞാനും പറയുന്നു. പോയി തൂങ്ങെടി.”

“നാളെ എനിക്ക് ഉറപ്പായും വേണം. ഇല്ലെങ്കിൽ...”

ശക്തി ഒരുപാടലഞ്ഞു. കടം വാങ്ങിക്കാനും ബാക്കിയില്ലായിരുന്നു.

“മോം,പപ്പ വരാവരാനെന്ത വൈകുന്നേ?"

“നീ പോയി പഠിക്ക് പെണ്ണേ"

“പപ്പ വന്നല്ലോ, എവിടെ പപ്പാ ജിമിക്കി...വാങ്ങിയില്ലല്ലേ.”

“ഇനിയീ മോളെ പപ്പ കാണില്ല.”

മോളുറങ്ങിയെന്ന സമാധാനത്തോടെ അവർ ആ രാത്രി ഉറങ്ങി. അവരുറക്കത്തിൽ അറിഞ്ഞിരുന്നില്ല. മകൾ അവരെ കൂടുതൽ ഇറക്കത്തിലേക്ക് നയിക്കുകയാണെന്ന്. മമ്മയും പപ്പയും സ്വസ്ഥമായുറങ്ങുമ്പോൾ അവൾ വാക്കു പാലിക്കുന്നതിനുള്ള തിടുക്കത്തിലായിരുന്നു. അവൾ പറഞ്ഞതുപോലെ ഒരു ചരടിൽ തൂങ്ങി...

ശക്തിയുടെ മനസ്സും ഇറക്കത്തിലേക്ക് പോയിക്കൊണ്ടിരുന്നു. എല്ലാം കാണാൻ ജാനകിയും ബാക്കി.

# പുഴയൊഴുകും വഴി

പുഴയൊഴുകും അതു ചിരിക്കും
അതിൻ താളത്താൽ നൃത്തമാടും
കൈവഴികളിലൂടെ അതു പാട്ടുപാടും
പുഴതൻ ഹൃദയത്താൽ കഥകൾ-
നുകരും സാന്ത്വനത്താൽ തളിർ
നാമ്പുകൾ നനയ്ക്കും.ഭാവതലങ്ങളായി
താളം പിടിക്കും പുഴകൾതൻ സന്തോഷ-
ത്തുടിപ്പാണ് വർശിക്കും മഴകൾ
എന്നാലോ പുഴകൾതൻ വഴി
മർത്യനൊഴുകുമ്പോൾ മർത്യൻ
തൻവഴി പുഴകളൊഴുകുന്നു.
അതുതൻ പ്രളയവും വരൾച്ചയും
നമ്മൾ തൻ ഈ ഭൗമത്തിൽ
പുഴയൊഴുകും വഴികൾ എത്ര
തടഞ്ഞിരിക്കുന്നു. അതിൻ കര-
ച്ചിൽ എത്ര കുഴിമൂടിയിട്ടിരുന്നു.
അത് നമ്മൾ എത്ര കേട്ടിട്ടും
കേട്ടമാതിരി നടിക്കാതിരിക്കുന്നു.
എന്തിനീ നമ്മളതു ചെയ്യുന്നു.
നമ്മൾതൻ ജീവതുടിപ്പല്ലേ
പുഴയൊഴുകും വഴികൾക്കും.
പുഴ എന്നൊരു രണ്ടക്ഷര-
മല്ലിന്നും അതൊരു പ്രകൃതി
സൗന്ദര്യമാണെന്ന് നമ്മളോ-
രോരുത്തരും നമ്മുടെ മനസ്സിനാൽ
വിശ്വസിക്കുക. സ്നേഹത്താൽ ബോ
ധ്യപ്പെടുത്തുക പുഴകൾ തൻ ഓരോ-
പുഞ്ചിരിയാണ് നമ്മൾതൻ ജീവൻ-
നിലനിൽപ്പ് അതിനാൽ നാം ഓരോ-
മനസ്സുകളും ഓർക്കുക ജലം എന്നതും
ജീവൻ എന്നതും ഓരോ പുഴ-
യൊഴുകും വഴികളിലാണെന്ന്......

# പ്രളയം

## പ്രളയവും പുതിയ കേരളസൃഷ്ടിയും പ്രതീക്ഷകളും വെല്ലുവിളികളും

പ്രിയപ്പെട്ട കൂട്ടുകാരെ,

ലോകമെമ്പാടും നേരിട്ട ഒരു മഹാവിപത്താണ് പ്രളയം. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ അധികമായി ചൂഷണം ചെയ്തിരുന്ന മനുഷ്യന് കിട്ടിയ തിരിച്ചടി.

കാസർഗോഡ് എന്ന നമ്മുടെ ഈ കൊച്ചു ജില്ലയെ അധികമൊന്നും ദ്രോഹിക്കാതെ പോയ പ്രകൃതിയാകുന്ന അമ്മയെ എന്തിന് നാം ദ്രോഹിച്ചു?നമ്മൾ ഒന്നോർക്കണം. നമ്മുടെ ഈ കൊച്ചു പ്രദേശത്തെ കാർഷിക സമൃദ്ധിയെയും മനുഷ്യരെയും മനുഷ്യചിന്തയെയും നശിപ്പിക്കാത്ത പ്രകൃതി കണ്ണൂർ മുതൽ തിരുവനന്തപുരം വരെയുള്ള പ്രദേശങ്ങളെ വല്ലാതെ ദ്രോഹിച്ചിരുന്നു. പൊതു മാധ്യമങ്ങളിൽ നമ്മൾ എല്ലാ ദിവസവും കണ്ടിരുന്ന ഈ ദുരന്തകാഴ്ചയുടെ ഊർജം കീഴടക്കി അതിനെ ദുർബലമാക്കുവാൻവേണ്ടി എല്ലാവരും ശ്രമിച്ചിരുന്നു. എന്നും നാം പുച്ഛത്തോടെ കണ്ടിരുന്ന മത്സ്യത്തൊഴിലാളികളുടെ വലിയ പരിശ്രമവും സർക്കാരും നാവികസേനയും നാട്ടുകാരുടെയും രക്ഷാദൗത്യത്തിനുള്ള വെപ്രാളം എന്നും പ്രകൃതിക്കും മനുഷ്യനും നൽകേണ്ട ഒരു സഹായമാണ്. പരസ്പരം വൈരാകൃത്തോടെ നടന്നവരും പരസ്പരം തല്ലുകൂടിയവരും പരസ്പരം കുറ്റപ്പെടുത്തിയുമൊക്കെ നടന്നവർ ഇന്ന് ഒന്നിച്ച് ഒരു കുടക്കീഴിൽ കഴിയുന്നതുപോലെ ഒരു മുറിയിൽ കഴിയുകയാണ് ദുരിദാശ്വാസക്യാമ്പിൽ.

സ്വന്തം വീടും പുരയിടവും വിട്ടു വരാത്തവർക്കു വേണ്ടി പല കഷ്ടതകളും സഹിച്ച് നടന്ന രക്ഷാപ്രവർത്തകരെ ആദ്യമൊന്നു ഞാൻ സല്യൂട്ട് ചെയ്യുകയാണ്. പല മന്ത്രിമാരും ഈയൊരു ദുരിതത്തെ സങ്കടമെന്ന് പറഞ്ഞിരുന്നെങ്കിലും രങ്കത്തിറങ്ങി ഒരു കുട്ടിയെപ്പോലും കൈ പിടിച്ചുയർത്തിയില്ല. ഒരു നേരത്തെ ആഹാരത്തിന് കരഞ്ഞവരെ ഒന്നു പോയി ആശ്വസിപ്പിച്ചിട്ടില്ല. എന്താണ് ഒരു പ്രളയം വന്നപ്പോൾ ആ മലവെള്ളപ്പാച്ചലിൽ ഒഴുകി പോകേണ്ടതാണോ സ്നേഹവും സംരക്ഷണവുമൊക്കെ. കുറച്ചുപേർ മാത്രം സഹായിച്ചിരുന്നു. നല്ല കാര്യം. ഈ ദുരന്തം ഇന്ന് ഒരു ദേശീയ ദുരന്തമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇനിയെങ്കിലും മനുഷ്യൻ പഠിക്കുക. പ്രകൃത്യാമ്പയെ തോൽപ്പിക്കാൻ വേണ്ടി കുന്നിടിച്ചേ, വയൽ നികത്തിയേ, പ്രതികാരം ചെയ്യരുതെന്ന് ഈ ദുരന്തം നേരിൽ കണ്ടവർ പലരും ഞെട്ടലോടെ കഴിയുകയാണ്. ഒരു നേരത്തെ ഭക്ഷണം അമ്മ തരുമ്പോൾ ഏതെങ്കിലും കുറ്റം പറഞ്ഞ് വലിച്ചെറിയുന്നവർക്ക് ഇതൊരു പാഠമാകട്ടെ. കണ്ണുണ്ടാകുമ്പോൾ കണ്ണിന്റെ വില അറിയാത്ത പലർക്കും കണ്ണ് പോയപ്പോഴല്ലേ വില മനസ്സിലാകുന്നത്. അതുപോലെയാണ് അന്നം ഉണ്ടെങ്കിൽ വില അറിയാത്ത നമുക്ക് അന്നം കിട്ടാത്തപ്പോൾ അല്ലേ അതിന്റെ വില മനസ്സിലാകുന്നത്.

മത്സ്യത്തൊഴിലാളികൾക്കും രക്ഷാപ്രവർത്തകർക്കും അവരുടെ കരുത്തിനും മുൻപിൽ നാമോരോരുത്തരും മുട്ടുകുത്തി തൊഴണം. കുറ്റം ചെയ്ത പ്രതികളെ അവരെ ഒളിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തകർക്കെന്തുകൂട നിരപരാതികളെ രക്ഷിക്കുന്നവനും അവർക്ക് സംരക്ഷണം ഏർപ്പെടുത്തുവാനും സാധിക്കാത്തത്. ഈ ദുരന്തത്തിന് കാരണമായ പ്രകൃതി ചൂഷണത്തിനെതിരെ പോരാടാൻ എന്തുകൊണ്ട് പല പ്രവർത്തകർക്കും സാധിക്കാത്തത്.

ഇരുന്നൂറിലേറെ പേരെ കൊണ്ടു പോയ പ്രളയം ഇനിയെങ്കിലും വരാതിരിക്കട്ടെ. വരാൻ ഇട വരുത്തരുതേ എന്നും ഞാൻ മനസുരുകി പ്രാർത്ഥിക്കുന്നു.

കോൺവിസൻസ് ഗ്രൂപ്പുകൾ പോലുള്ള നിരവധി പേർ കേരളത്തിന്റെ പുനസൃഷ്ടിക്കായി പരിശ്രമിക്കുന്നുണ്ട്. ഒപ്പം നാമും. കേരളത്തെ ഇനിയും സംരക്ഷിക്കുക അതിനായി നാം ചെയ്യേണ്ട ധാരാളം കാര്യങ്ങൾ ബാക്കി നിൽക്കുകയാണ്. ഒന്നാം ക്ലാസുമുതൽക്കേ നാം പഠിക്കുന്ന കാര്യമാണ് മരം നടുക, പുഴ സംരക്ഷിക്കുക എന്നൊക്കെ. ഈ പഠിച്ച കാര്യങ്ങൾ ഒന്നുകൂടി ഓർത്ത് ചെയ്യേണ്ടതുണ്ട്. എന്നാൽ മാത്രമേ പ്രകൃതി ഭംഗിയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന കേരളം ഇനിയും വികസിക്കുകയേ ഉള്ളൂ.

ജി.എച്ച്.എസ്.എസ് പാക്കം

പ്ലാസ്റ്റിക്ക് കൊണ്ട് ധാരാളം വെല്ലുവിളികൾ നേരിടുകയാണ്. കേരളം ഇനിയെങ്കിലും മനുഷ്യരെ നിങ്ങൾ അറിയുക ഈ നിർജീവമായ പ്ലാസ്റ്റിക് വലിച്ചിടുന്ന ആപത്ത്. ഈ ദുരുപയോഗത്തിനെതിരെ സർക്കാർ തന്നെ മുന്നിട്ടിറങ്ങണമെന്ന് കൂടി ഞാനാഗ്രഹിക്കുന്നു. വയലേലകൾ, നെൽച്ചെടികൾ കൊണ്ട് നിറഞ്ഞും പുഴയോരങ്ങളിൽ മീൻപിടിക്കാനെത്തുന്ന കൂട്ടുകാരും വിശാലമായ കായലുകളും ആകാശത്തോളം ഉയർന്ന് കിടക്കുന്ന കുന്നുകളും പക്ഷിമൃഗാദികളും കൂടെ നൃത്തമാടുന്ന മരങ്ങളുമെല്ലാം നിറഞ്ഞു നിൽക്കുന്ന ഈ ഭൂഗോളത്തിൽ നാശം വിതച്ച പ്രളയം ഇപ്പോൾ പൂർണ്ണമായും ദുർബലമായിരിക്കുകയാണ്. ഇനിയും ഏറെ പ്രതീക്ഷകളോടെ ഞാൻ കാത്തിരിക്കുകയാണ് എന്റെ പഴയ കേരളത്തിനുവേണ്ടി.

വഞ്ചിപ്പാട്ടും വള്ളംകളിയും പൂരക്കളിയും കോൽക്കളിയും തനതായ സംസ്കാരവും കലയും മറന്നുപോയ കേരളം ഇന്ന് മനുഷ്യന്റെ വിരൽത്തുമ്പിൽ കിടക്കുന്ന ഫോണിലേക്ക് നിലംപൊത്തി വീഴുകയാണ്. ഇതും കേരളം നേരിടുന്ന ഒരു വെല്ലുവിളിയാണ്. കേരളം ഇനിയും മനോഹരമാക്കേണ്ടതുണ്ട്. അതിനായി പരിശ്രമിക്കേണ്ട നേരത്ത് കുഞ്ഞുകുട്ടി മുതൽ മുതിർന്ന മുത്തശ്ശൻവരെ ഇതിന് അടിമയായിരിക്കുകയാണ്. ലഹരി വസ്തുക്കളും ഇതേപോലെ തന്നെ ലോകത്തെ നശിപ്പിക്കുന്ന കരിങ്കാലനാണ്.

ഇനി എന്ന് വരും കാർഷിക സമൃദ്ധിയാൽ നിറഞ്ഞ കേരളം .കൂട്ടുകുടുംബത്തിൽ ആഘോഷിക്കുന്ന ഓണം, വിഷു എല്ലാ സംസ്കാരവും ആചാരങ്ങളും അനുഷ്ഠാനങ്ങളും മറയുന്ന കേരളത്തെ ഒന്ന് ഉണർത്തി ഉയർത്തെഴുന്നേൽപ്പിക്കാം. അതിനായി പരിശ്രമിക്കാം.

മഹാ ദുരന്തത്തിന് പുരയിടവും വീടും നഷ്ടപ്പെട്ടവർക്ക് വേണ്ടി കൈകോർക്കാമിനി നല്ലൊരു നാളേക്കായി എന്ന വിചാരത്തോടെ നാം ആവുന്ന സഹായം നൽകണമെന്ന പ്രതീക്ഷകളും ആഗ്രഹങ്ങളും ഉണ്ട്. മാഞ്ഞുപോകുന്ന സംസ്കാരത്തെയും നന്മയെയും സ്നേഹത്തെയും കൈപിടിച്ചുയർത്തികൊണ്ട് ഇനിയും പരിശ്രമിക്കണം. സ്വത്തും സമ്പത്തും കണ്ട് സ്നേഹിച്ചവർ അതിനായി മോഹിച്ചവർക്ക് പാവം സാധാരണക്കാരനെ അതിക്ഷേപിച്ചവർക്ക് ഒരു മറുപടിയാണ്. ഒരു തിരിച്ചടിയാണ് അമ്മ നമ്മുടെ നേരെ ആഞ്ഞടിക്കുകയാണ്. പല തുള്ളി പെരുവെള്ളം എന്നാണല്ലോ ഓരോ മുക്കിലും മൂലയിലും നിന്നു കിട്ടുന്ന ഉപയോഗ വസ്തുക്കൾ ഓരോരാളിൽനിന്നും സംഭരിച്ച് ആകുന്ന സഹായം ചെയ്തുകൊടുത്തിരുന്നു കേരളത്തിലെ ദുരിതരല്ലാത്തവർ. സ്കൂളിൽനിന്നും കുടുംബശ്രീയിൽനിന്നുമൊക്കെ ദിവസേന ദുരിദാശ്വാസ ഫണ്ടിനു വേണ്ടി നടന്ന കൂട്ടുകാർ ആവുന്ന സഹായഹസ്തവുമായി മുന്നോട്ടിറങ്ങിയത് ദുരിതം അനുഭവിച്ചവർക്ക് ഒരു മുതൽക്കൂട്ടായി.

പല രാജ്യങ്ങളും സഹായിച്ച കേരളത്തെ ദൈവം തുണയ്ക്കട്ടെ തെറ്റുകൾ തിരിച്ചറിഞ്ഞ് മനുഷ്യർ പ്രവർത്തിക്കട്ടെ എന്നും പ്രാർഥിച്ചുകൊള്ളുന്നു.

# നവമുകുളങ്ങൾ



## ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പേര്

1.ഹർഷ.എ

2.അനഘ.ടി

3.നന്ദന അശോകൻ

4.നന്ദന.ആർ

5 .ഫാത്തിമത്ത് ഷൈമ

6.ദേവിക.കെ

7.ജീഷ്മ.കെ

8.വിഷ്ണുപ്രിയ.കെ.എസ്

9.ആദിത്യ ചന്ദ്രൻ

10.ജിതിൻരാജ്.എ

11.അനികേത്.എം

12.അഭിഷേക്.ടി

13.യദുകൃഷ്ണൻ.പി

14.രൂപേഷ്.പി.വി

15.അക്ഷയ്.വി

16.ആനന്ദകൃഷ്ണൻ

17.ജ്യോതിഷ്

18.നിജിൻ പവിത്ര

19.തേജസ് കുമാർ.പി

20.അർജുൻ കൃഷ്ണ